(ബി) ഇതിന് എത്ര വനഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) റവന്യൂ–വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയനുസരിച്ച് 1-1-1977-ന് മുൻപ് വിവിധ ജില്ലകളിലായി കുടിയേറിപ്പാർത്ത 18206 കൈവശക്കാരുടെയും റീസർവ്വേപ്രകാരം ഉടുമ്പൻചോല താലൂക്കിൽ സി. എച്ച്. ആർ. ഭൂമി കൈവശം വച്ചിരിക്കുന്ന 62132 കൈവശക്കാരുടെയും പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതിന് കൂടുതലായി വനഭൂമി ആവശ്യമില്ല.

സർവ്വേ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ ജോലി ചെയ്യാനവസരം

237 [239] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽതന്നെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്യാനുള്ള അവസരം നൽകുമോ;

(ബി) സ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡം പാലിയ്ക്കപ്പെടാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വന്തം ജില്ലയ്ക്ക് പുറത്ത് 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം ജില്ലയിൽ ജോലിചെയ്യുന്നതിനുള്ള അവസരം കഴിയുന്നത്ര നൽകുന്നുണ്ട്.

(ബി) സ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ നിലവിലുള്ള മാനദണ്ഡം പാലിക്കപ്പെടുന്നുണ്ട്.

വനിതകൾ നടത്തുന്ന വ്യവസായങ്ങൾ

238 [260] ശ്രീമതി മോർഗ്ഗൻവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകൾ നടത്തുന്ന വ്യവസായങ്ങൾ എത്ര; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായത്തിൽ പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ എത്ര;

(സി) അവരിൽ സ്ത്രീ തൊഴിലാളികൾ എത്ര;

(ഡി) ഈ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly